Stipends–non payment of.

371. മിസ്റ്റർ കെ. പി. പള്ളിയാൻ.—തുപ്പുണ്ണിത്തുറ സംസ്കൃത പാഠശാലയിൽ പഠിക്കുന്ന അധഃകൃത വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ്, വസ്ത്രം, ഫീഡിംഗ് ചാർജ്ജ് മുതലായവ കൊടുക്കാതിരിക്കുവാനുള്ള കാരണമെന്ത്?

മിസ്റ്റർ ഐ. എൻ. മേനോൻ.—ഈ വിദ്യാർത്ഥി ക്രമമായി ക്ലാസ്സിൽ ഹാജരാകാറില്ല. ക്ലാസ്സിലെ പ്രോഗ്രസ്സും തൃപ്തികരമല്ല. പ്രോഗ്രസ്സും ഹാജരും തൃപ്തികരമാകുമ്പോൾ സ്റ്റൈപൻറ് മുതലായവ കൊടുക്കുന്നതാണ്.

മിസ്റ്റർ കെ. അയ്യപ്പൻ.—ഈ വിദ്യാർത്ഥി ക്രമമായി ക്ലാസ്സിൽ ഹാജരാകാറില്ല എന്നു പറഞ്ഞിരിക്കുന്നു; അയാൾക്ക് അറൻസ് പോരാതെയായിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—നോട്ടീസ് വേണം.

മിസ്റ്റർ കെ. അയ്യപ്പൻ.—ക്രമമായി ഹാജരാകാതിരുന്നാൽ സ്റ്റൈപ്പൻറ് എടുത്തുകളയുവാൻ വല്ല രൂളും ഉണ്ടോ?

രാമവമ്മതമ്പുരാൻ.—പ്രോഗ്രസ്സ് സാറിസ്ഫാക്റ്ററിയങ്കിൽ സ്റ്റൈപ്പൻറ് എടുത്തുകളയാറുണ്ട്.

മിസ്റ്റർ കെ. അയ്യപ്പൻ.—അതിനു വല്ല രൂൾസും ഉണ്ടോ?

രാമവമ്മതമ്പുരാൻ.—രൂൾ ഇല്ലെങ്കിലും ചെയ്യാം. ഒരു സ്റ്റുഡൻറ് ശരിയായി പഠിക്കുന്നില്ലെന്നു കണ്ടാൽ പിന്നെ അയാൾക്കു സ്റ്റൈപ്പൻറ് കൊടുക്കേണ്ടതുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ.—പ്രോഗ്രസ് ശരിയായില്ലെന്നു പറഞ്ഞ് അയാളെ പരീക്ഷക്കയച്ചാൽ എങ്ങിനെ പാസ്സാകും?

രാമവമ്മതമ്പുരാൻ.—സ്റ്റുഡൻസിന്റെ പഠിത്തത്തെ സംബന്ധിച്ചിടത്തോളം ആ ക്ലാസ്സിലെ ടീച്ചർമാർക്ക് എളുപ്പത്തിൽ അറിയാൻ കഴിയും.

മിസ്റ്റർ കെ. അയ്യപ്പൻ.—മെഡിക്കൽ കാളേജിലേ ഒരു വിദ്യാർത്ഥിക്കു പ്രോഗ്രസ് ശരിയല്ലെന്നറിഞ്ഞാൽ അയാളുടെ സ്റ്റൈപ്പൻറ് എടുത്തുകളയുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—അവിടെ സ്റ്റൈപ്പൻറ് കൊടുക്കാറില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—സ്കോളർഷിപ്പ് കൊടുക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—സ്കോളർഷിപ്പുമില്ല

മിസ്റ്റർ കെ. അയ്യപ്പൻ.—സ്റ്റൈപ്പൻറിനും സ്കോളർഷിപ്പിനും തമ്മിൽ അതിന്റെ പ്രിൻസിപ്പിളിനെ സംബന്ധിച്ചിടത്തോളം വല്ല വ്യത്യാസവുമുണ്ടോ?

രാമവമ്മതമ്പുരാൻ.—തീർച്ചു പറയുവാൻ നിവൃത്തിയില്ല. അവിടെയുള്ള കുട്ടികൾക്ക് പായത്തക്ക ഹെൽപ്പുകളൊന്നും ചെയ്തുകൊടുക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly